പതിനാലാം കേരള നിയമസഭ

ഇരുപത്തിരണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 357** **12.01.2021 - ൽ മറുപടിക്ക്.**

## ഇന്റഗ്രേറ്റഡ് മാനേജ്മെന്റ് ഓഫ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. വി. പി. സജീന്ദ്രൻ :** | | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) ഇന്റഗ്രേറ്റഡ് മാനേജ്മെന്റ് ഓഫ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (ഐ.എം.പി.ഡി.എസ്) എന്ന പദ്ധതി സംസ്ഥാനത്ത് പൂർണ്ണതോതിൽ നടപ്പിലാക്കിയിട്ടുണ്ടോ; (ബി) ഇതുമൂലം ജനങ്ങൾക്ക് ലഭിക്കുന്ന സൗകര്യങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (എ)യും (ബി)യും | ഉണ്ട്. പൂർണ്ണമായും കേന്ദ്രാധിഷ്ഠിത പദ്ധതിയായ ഇന്റഗ്രേറ്റഡ് മാനേജ്മെന്റ് ഓഫ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (ഐ.എം.പി.ഡി.എസ്) 01.01.2020 മുതൽ സംസ്ഥാനത്ത് നടപ്പിൽ വരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ 32 സംസ്ഥാനങ്ങളും, കേന്ദ്ര ഭരണപ്രദേശങ്ങളും ഉൾപ്പെട്ടിട്ടുണ്ട്.<br>ഈ പദ്ധതിയുടെ കീഴിൽ ഭക്ഷ്യ ഭദ്രതാ കാർഡുകൾക്ക് (എ.എ.വൈ, പി.എച്ച്.എച്ച്) ഇന്റർ സ്റ്റേറ്റ് പോർട്ടബിലിറ്റി സൗകര്യം ലഭ്യമാണ്. പ്രസ്തുത കാർഡുകളിലെ അംഗങ്ങൾക്ക് ഐ.എം.പി.ഡി.എസിൽ ഉൾപ്പെട്ടിട്ടുള്ള സംസ്ഥാനങ്ങളിലെ ഓട്ടോമേറ്റ് ചെയ്തിട്ടുള്ള ഏത് റേഷൻ കടകളിൽ നിന്നും ബയോമെട്രിക് ആതന്റിക്കേഷനോട്ടുകൂടി റേഷൻ സാധനങ്ങൾ കൈപ്പറ്റാവുന്നതാണ്. 19 റേഷൻ കടകൾ ഒഴികെ സംസ്ഥാനത്തെ ബാക്കിയെല്ലാ റേഷൻ കടകളിലും ഐ.എം.പി.ഡി.എസ് സംവിധാനത്തിലൂടെ റേഷൻ സാധനങ്ങൾ കൈപ്പറ്റാവുന്നതാണ്. |
| (സി) ഈ പദ്ധതി നടപ്പിലാക്കിയതിലൂടെ റേഷൻ വ്യാപാരികൾക്കുള്ള കമ്മീഷൻ, ഭക്ഷ്യധാന്യങ്ങളുടെ ട്രാൻസ്പോർട്ടേഷൻ എന്നീ ഇനങ്ങളിൽ സംസ്ഥാനത്തിന് അധിക ചെലവ് ഉണ്ടാകുന്നുണ്ടോ.; | (സി) | ഐ.എം.പി.ഡി.എസ് പദ്ധതി പ്രകാരം കേരളത്തിലെ കാർഡുടമകൾ മറ്റ് സംസ്ഥാനങ്ങളിലെ റേഷൻ കടകളിൽ നിന്ന് വാങ്ങുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവിനെക്കാൾ കൂടുതൽ മറ്റ് സംസ്ഥാനങ്ങളിലെ കാർഡുടമകൾ കേരളത്തിൽ നിന്ന് ഭക്ഷ്യധാന്യങ്ങൾ കൈപ്പറ്റുന്നതിനാൽ സംസ്ഥാനത്തിന് അധിക ചെലവ് ഉണ്ടാകുന്നുണ്ട്. |
| (ഡി) ഈ പദ്ധതിയുടെ ആനുകൂല്യം | (ഡി) | കഴിഞ്ഞ നാല് മാസത്തിൽ സംസ്ഥാനത്ത് ഐ.എം.പി.ഡി.എസ് സംവിധാനം |

| | |
|---|---|
| സംസ്ഥാനത്ത് നിലവിൽ എത്രപേർ ഉപയോഗിക്കുന്നുവെന്ന് വെളിപ്പെടുത്താമോ; | ഉപയോഗിക്കുന്നവരുടെ വിവരം ചുവടെ ചേർക്കുന്നു. |

| **മാസം** | **ആകെ ഇടപാടുകൾ** |
|---|---|
| സെപ്റ്റംബർ | 152 |
| ഒക്ടോബർ | 147 |
| നവംബർ | 180 |
| ഡിസംബർ | 134 |

| | | | |
|---|---|---|---|
| **(ഇ)** | ഈ പദ്ധതി നടപ്പിലാക്കിയതിലൂടെ സംസ്ഥാനത്തിന് കടമെടുക്കാവുന്നതിന്റെ പരിധി വർദ്ധിപ്പിച്ചിട്ടുണ്ടോ; ഇതിലൂടെ എത്ര തുക അധികമായി കടമെടുക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | **(ഇ)** | ഉണ്ട്. 2261 കോടി രൂപ കടമെടുക്കുന്നതിനുള്ള കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**